## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 477 — 22.07.2015-ൽ മറുപടിക്ക്.

### ഫയർ ആന്റ് റസ്ക്യൂ വിഭാഗത്തിലെ മുങ്ങൽ വിദഗ്ദ്ധ സംഘം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.മോയിൻ കുട്ടി<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. സി.മമ്മൂട്ടി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിലെ മുങ്ങൽ വിദഗ്ദ്ധ സംഘത്തിന് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ; | : (എ) ഡിപ്പാർട്ട്മെന്റ് തലത്തിൽ വിദഗ്ദ്ധപരിശീലനം നല്കിയിട്ടുണ്ട്. ഈ വകുപ്പിലെ വിവിധ ഡിവിഷനുകൾ കേന്ദ്രീകരിച്ച് നീന്തലറിയാവുന്ന ജീവനക്കാരെ ഏകോപിപ്പിച്ച് ഡൈവിംഗ് ടീം പരിശീലനം നൽകി രൂപീകരിച്ചിട്ടുണ്ട്. ഫിസിക്കലി ഫിറ്റ് ആണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് പരിശീലനം നൽകുന്നത്. |
| (ബി) സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ എളുപ്പത്തിൽ സേവനം ലഭ്യമാക്കാവുന്ന വിധത്തിലാണോ സംസ്ഥാന ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിലെ മുങ്ങൽ വിദഗ്ദ്ധരുടെ സംഘത്തെ വിന്യസിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | : (ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ സേവനം ലഭ്യമാക്കുന്നതിനായി 5 മേഖലാ ആഫീസുകളുടെ കീഴിലും 14 ജില്ലാ ആസ്ഥാന ആഫീസുകളുടെ കീഴിലുമാണ് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത്. വകുപ്പിന്റെ കീഴിൽ മുങ്ങൽ വിദഗ്ദ്ധരുടെ 12 ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. 142 പേരാണ് സംഘത്തിലുള്ളത്. അപകടമുണ്ടാകുമ്പോൾ എല്ലാ ജില്ലകളിൽ നിന്നുമുള്ള മുങ്ങൽ വിദഗ്ദ്ധരുടെ സേവനം ലഭ്യമാകുന്ന വിധത്തിലാണ് സംഘത്തെ വിന്യസിച്ചിട്ടുള്ളത്. |
| (സി) പ്രസ്തുത വിഭാഗത്തിന് പ്രത്യേക ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; | : (സി) പ്രസ്തുത വിഭാഗത്തിന് പ്രത്യേക ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 28.02.2014 ലെ സ.ഉ (എം.എസ്) 41/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം കേരള പോലീസ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലെ ജീവനക്കാരെകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത വിഭാഗത്തിന് നേവിയുടെ മുങ്ങൽ വിദഗ്ദ്ധർക്ക് നൽകുന്ന വിധത്തിലുള്ള ട്രെയിനിംഗും സൗകര്യങ്ങളും ലഭ്യമാക്കുമോ? | : (ഡി) ഡിപ്പാർട്ട്മെന്റു തലത്തിലാണ് നിലവിൽ പരിശീലനം നൽകി വരുന്നത്. നേവിയുടെ മുങ്ങൽ വിദഗ്ദ്ധർക്ക് നൽകുന്ന വിധത്തിലുള്ള ട്രെയിനിംഗും സൗകര്യങ്ങളും നൽകുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |

V.Beena

സെക്ഷൻ ഓഫീസർ